യുണ്ടായി. ഈ റിപ്പോർട്ടിൽ അഞ്ചാമത്തെ അദ്ധ്യായത്തിൽ 10-ാം ഖണ്ഡികയിൽ, വലിയ വാഹനങ്ങൾ (ലോറി, ബസ്സ് മുതലായവ) ഓടിക്കുന്ന ഡ്രൈവർമാർക്ക് കൂടുതൽ പക്വതയും, പരിചയവും ആവശ്യമുള്ളതുകൊണ്ട്, ഇത്തരം വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർമാർക്ക് കുറഞ്ഞത് മുപ്പത് വയസ്സെങ്കിലും പ്രായം ഉണ്ടായിരിക്കണമെന്നും, കൂടാതെ ഇത്തരം വലിയ വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർമാർക്ക് 60 (അറുപത്) വയസ്സ് കവിയാൻ പാടില്ലായെന്നും വ്യവസ്ഥ ചെയ്യണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ ഒരു മാനദണ്ഡം വരുത്തുവാൻ കേന്ദ്ര മോട്ടോർ വാഹന നിയമത്തിൽ (സെക്ഷൻ 6-ൽ) മാറ്റം വരുത്തേണ്ടതു കൊണ്ട്, ഇതിന് കേന്ദ്ര സർക്കാരാണ് നടപടി സ്വീകരിക്കേണ്ടത്.

കോട്ടയം-എറണാകുളം റൂട്ടിൽ ബസ്സുകളുടെ അമിതവേഗതമൂലം ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ നടപടി

67 [5623] ശ്രീ. കെ. നാരായണക്കുറുപ്പ്:
„ തോമസ് ചാഴികാടൻ:
„ റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം-എറണാകുളം റൂട്ടിൽ എത്ര ലിമിറ്റഡ് സ്റ്റോപ്പ് പ്രൈവറ്റ് ബസ്സുകൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ടെന്നറിയിക്കാമോ;

(ബി) പ്രസ്തുത ബസ്സുകളുടെ അമിതവേഗതമൂലം സ്ഥിരമായി അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ആയത് നിയന്ത്രിക്കുന്നതിന് കർശന നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

കെ. എസ്. ആർ. ടി. സി.-യിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ

68 [5624] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ. എസ്. ആർ. ടി. സി.-യിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

ഹഡ്കോയിൽനിന്നും നൂറു കോടി രൂപാ വായ്പയെടുത്ത് ആധുനിക സൗകര്യങ്ങളോടു കൂടിയ പുതിയ 850 ബസ്സുകൾ റോഡിലിറക്കാൻ കെ. എസ്. ആർ. ടി. സി. ഉദ്ദേശിക്കുന്നു. പഴക്കം ചെന്ന പഴയ ബസ്സുകൾക്ക് പകരമായും പുതിയ റൂട്ടുകൾക്കുമായും ഈ ബസ്സുകൾ ഉപയോഗിക്കാൻ പദ്ധതിയുണ്ട്. ബസ് സ്റ്റേഷനുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ ബസ്

LIBRARY ARCHIVES Kerala Legislative Assembly